File No.DRF-C1/109/2020-REV

9603
9/10/20

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ വീടുകൾക്കുണ്ടായ ഭാഗികവും പൂർണ്ണവുമായ നാശനഷ്ടം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അധിക ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ.(സാധാ) നം.2744/2020/റവ. തീയതി,തിരുവനന്തപുരം, 26/08/2020

പരാമർശം:- 1. സ.ഉ. (കൈ) നം. 24/2018/ദു.നി .വ തീയതി, 26.10.2018.

2. സ.ഉ. (സാധാ) നം. 5088/2018/റവ., തീയതി, 08.12.2018.

3. സ.ഉ. (സാധാ) നം. 134/2019/റവ., തീയതി, 14.01.2019.

4. സ.ഉ. (സാധാ) നം. 2020/2019/റവ., തീയതി, 25.07.2019.

5. സ.ഉ. (സാധാ) നം. 2061/2019/റവ., തീയതി, 27.07.2019.

6. സ.ഉ. (സാധാ) നം. 3664/2019/റവ., തീയതി, 06.12.2019.

7. സ.ഉ. (സാധാ) നം. 715/2020/റവ., തീയതി, 19.02.2020.

8. സ.ഉ. (സാധാ) നം. 2391/2020/റവ., തീയതി, 14.07.2020.

9. സ.ഉ. (സാധാ) നം 2516/2020/റവ., തീയതി, 05.08.2020.

10. ആലപ്പുഴ ജില്ലാ കളക്ടറുടെ 23.07.2020-ലെ എൻ1-133/2019 നമ്പർ കത്ത്.

## ഉത്തരവ്

പ്രളയക്കെടുതിയിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായി. പ്രളയക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം 253.10 കോടി രൂപയായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തിട്ടപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 126,55,00,000/- രൂപയും പരാമർശം (3) പ്രകാരം 125,45,92,800/- രൂപയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനുശേഷം ലഭിച്ച അപ്പീൽ അപേക്ഷകൾ തീർപ്പാക്കുന്നതിനായി പരാമർശം (4) പ്രകാരം 100,00,00,000/- രൂപയും പരാമർശം (5) പ്രകാരം 83,00,00,000/- രൂപയും, പരാമർശം (6) പ്രകാരം 13,22,74,350/- രൂപയും, പരാമർശം (7) പ്രകാരം 27,04,16,700/- രൂപയും, പരാമർശം (8) പ്രകാരം 5,61,31,350/- രൂപയും, പരാമർശം (9) പ്രകാരം 9,22,300/- രൂപയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കുട്ടനാട് തഹസിൽദാരിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 2018-ലെ പ്രളയക്കെടുതിയിൽ കുട്ടനാട് താലൂക്കിൽ ഭാഗികമായി നാശനഷ്ടം സംഭവിച്ച 298 കുടുംബങ്ങൾക്ക് നൽകേണ്ട 4,50,39,600/- രൂപയും പൂർണ്ണമായി നാശനഷ്ടം സംഭവിച്ച 1195 കുടുംബങ്ങൾക്ക് നൽകേണ്ട 25,06,27,800/- രൂപയും ചേർത്ത് ആകെ 29,56,67,400/- രൂപ (ഇരുപത്തൊൻപത് കോടി അൻപത്തിആറ് ലക്ഷത്തി അറുപത്തേഴായിരത്തി നാനൂറ് രൂപ മാത്രം) കൂടി ജില്ലയിൽ

വിതരണത്തിന് ആവശ്യമുള്ളതാണെന്നും ആയത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അടിയന്തിരമായി അനുവദിക്കണമെന്നും ആലപ്പുഴ ജില്ലാകളക്ടർ പരാമർശം (10) പ്രകാരം അഭ്യർത്ഥിച്ചു.

3. കുട്ടനാട് താലൂക്കിന് അനുവദിക്കേണ്ട തുക സംബന്ധിച്ച വിവരങ്ങൾ ആലപ്പുഴ ജില്ലാകളക്ടർ താഴെപ്പറയും പ്രകാരം ലഭ്യമാക്കുകയുണ്ടായി.

1. പൂർണ്ണ നാശം

| താലൂക്ക് | | വീടുകളുടെ എണ്ണം | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം (രൂപയിൽ) | ആകെ |
|---|---|---|---|---|
| കുട്ടനാട് | മൂന്നാം ഗഡു | 746 | 746x152450 = 11,37,27,700/- | |
| | രണ്ട്, മൂന്ന് ഗഡുക്കൾ | 449 | 449x304900= 13,69,00,100/- | 25,06,27,800/- |
| | | 1195 | ആകെ | 25,06,27,800/- |

2. ഭാഗിക നാശം

| താലൂക്ക് | നഷ്ട ശതമാനം | വീടുകളുടെ എണ്ണം | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം (രൂപയിൽ) | ആകെ |
|---|---|---|---|---|
| കുട്ടനാട് | 15.00% | 7 | 7x4800= 33,600/- | |
| | 16-29% | 8 | 8x31500= 2,52,000/- | |
| | 30-59% | 38 | 38x77500= 29,45,000/- | |
| | 60-74% | 108 | 108x179000=1,93,32,000/- | |
| | 15% to 60-74% upgrade | 85 | 85x174200= 1,48,07,000/- | |
| | 16-29% to 60-74% upgrade | 52 | 52x147500= 76,70,000/- | 4,50,39,600/- |
| | | 298 | ആകെ | **4,50,39,600/-** |

ആകെ ആവശ്യമായ തുക = 25,06,27,800/- + 4,50,39,600/- = 29,56,67,400/-

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2), (3), (4), (5), (6), (7), (8), (9) ഉത്തരവുകൾ പ്രകാരം അനുവദിച്ച ധനസഹായത്തിനു പുറമേ കുട്ടനാട് താലൂക്കിൽ വിതരണത്തിനാവശ്യമായ 29,56,67,400/- രൂപ (ഇരുപത്തൊൻപത് കോടി അൻപത്തിയാറ് ലക്ഷത്തി അറുപത്തേഴായിരത്തി നാനൂറ് രൂപ മാത്രം) കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. വിതരണത്തിനാവശ്യമായി വരുന്ന 29,56,67,400/- രൂപ (ഇരുപത്തൊൻപത് കോടി അൻപത്തിആറ് ലക്ഷത്തി അറുപത്തേഴായിരത്തി നാനൂറ് രൂപ മാത്രം) *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുക വിതരണം ചെയ്യുന്നതിനു മുൻപായി ടി 1493 (298 ഭാഗികമായ നാശനഷ്ടം + 1195 പൂർണ്ണമായ നാശനഷ്ടം) ഗുണഭോക്താക്കളിൽ ആർക്കെങ്കിലും ഇതിനകം ഇതേ ആവശ്യത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും തുക ലഭിച്ചിട്ടില്ലായെന്ന് ജില്ലാ കളക്ടർ ഉറപ്പു വരുത്തേണ്ടതും അപ്രകാരം ആർക്കെങ്കിലും തുക ഇതിനകം ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ച തുക ടിയാന് വിതരണം ചെയ്യാൻ പാടില്ലാത്തതുമാണ്.

**File No.DRF-C1/109/2020-REV**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, ആലപ്പുഴ

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്,

വികാസ് ഭവൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ (ദുരന്ത നിവാരണ വകുപ്പ്/ഡി.ആർ.എഫ് എ/ഡി.ആർ.എഫ് ബി വകുപ്പുകൾക്ക്)

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

Bindumol K N

സെക്ഷൻ ഓഫീസർ